# G.L.P.S. P.VEMBALLUR





# തൂലിക-2020-21


ഗവ: എൽ. പി. സ്കൂൾ, പി. വെമ്പല്ലൂർ
തൂലിക 2020-21

# ആമുഖം

ലോകജനതയെ മുഴുവൻ ആകുലതയിലാഴ്ത്തിക്കൊണ്ടിരിക്കുന്ന കൊവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ അക്കാദമിക പ്രവർത്തനങ്ങളും ആഘോഷങ്ങളുമെല്ലാം ഓൺലൈൻ വഴി നടന്നു കൊണ്ടിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിലാണ് നമ്മുടെ പ്രിയപ്പെട്ട കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എം.എൽ.എ. ശ്രീ ഇ.ടി. ടൈസൺ മാസ്റ്ററിന്റെ വിഷനുകളിൽ ഒന്നായ I. T ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ മത്സരം എല്ലാ വിദ്യാലയങ്ങളിലും നടത്താൻ തീരുമാനിക്കുന്നത്.ഓൺലൈൻ ക്ലാസ്സുകളും ആഘോഷങ്ങളുമായി വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിപ്പോയ നമ്മുടെ കുട്ടികളുടെ സർഗ്ഗവാസനകളെ ഉണർത്താൻ ഈ ഡിജിറ്റൽ മാഗസിൻ സഹായിക്കട്ടെ.

കഥകളും കവിതകളും ചിത്രങ്ങളും കൂടിയാണ് മഹത്വത്തിന്റെ ഉത്തുംഗ സന്ദേശം എന്നും കൈമാറിയിട്ടുള്ളത്. അതുപോലെ കൊച്ചുകുട്ടികളുടെ ഭാവനയിൽ വിരിഞ്ഞ നറു പൂക്കളെ വാടാമലരുകളായി ഉൾപെടുത്തിയ ഈ കുഞ്ഞു മാഗസിൻ ഞങ്ങൾ ഇവിടെ സമർപ്പിക്കട്ടെ.

************************

# സന്ദേശം

*******************



**ഇ ടി ടൈസൻ മാസ്റ്റർ**
**എം. എൽ. എ**
**കൈപ്പമംഗലം**

0480-2854437
0480-2817367
0471-2512361
9846758317
9446201000

102,
695 033.

taisonthomas74@gmail.com

9/11/2020

## സന്ദേശം

വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും സർഗാത്മക സൃഷ്ടികളും, രചനകളും, ഉൾക്കൊള്ളിച്ചുകൊണ്ട് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അഭിനന്ദനം രേഖപ്പെടുത്തുന്നു. മഹാമാരിയെ പ്രതിരോധിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നത് ഏറെ പ്രയോജനപ്രദമാണ് കഴിഞ്ഞകാലങ്ങളിൽ നിരവധിയായ പരിപാടികൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിൽ മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാവാൻ പടിഞ്ഞാറേ വെമ്പല്ലൂർ ജിഎൽപിഎസിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം കൂടുതൽ കാര്യക്ഷമ മായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ ഇനിയുമൊട്ടേറെ ഭാവനാസമ്പന്നമായ പരിപാടികൾ ഏറ്റെടുക്കുവാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

സസ്നേഹം

MEMBER KERALA LEGISLATIVE ASSEMBLY
KAIPAMANGALAM

E.T. TAISON MASTER
(KAIPAMANGALAM)
MEMBER
KERALA LEGISLATIVE ASSEMBLY

CS Scanned with CamScanner

# സന്ദേശം

***********************



കോവിഡ് മഹാമാരി ഈ ലോകത്തെയാകമാനം

ഭയപ്പെടുത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ

കലയും ,സാഹിത്യവും വഹിയ്ക്കുന്ന പങ്ക്

ചെറുതൊന്നുമല്ല എന്നു

മനസ്സിലാക്കിക്കൊണ്ട് ,പരിമിതികൾക്കുള്ളിൽ

നിന്നുകൊണ്ടുതന്നെ **ജി എൽ പി എസ്** -

പി വെമ്പല്ലൂർ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന്

എല്ലാവിധ ആശംസകളും നേരുന്നു.

ASSISTANT EDUCATIONAL OFFICE
Date..............
PIN: 680 664
KODUNGALLUR

DINAKARAN. M.V.
ASST. EDUCATIONAL OFFICER
KODUNGALLUR

# സന്ദേശം

################



**ശ്രീമതി സീസ്ഡു ടീച്ചർ**
**B P C, മതീലകം**

പ്രിയരെ,

ജിഎൽ പി എസ് പി വെമ്പല്ലൂർ സ്കൂൾ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനിൽ ഒരു സന്ദേശം നൽകുന്നതിന് എനിക്ക് വളരെയധികം സന്തോഷമുണ്ട്. കുട്ടികളുടെ സർഗവാസനകളെ ഉണർത്തുവാനും മറ്റു കഴിവുകൾ സ്വായത്തമാക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കും .ഈ മഹത് കർമ്മത്തിന് എല്ലാവിധ ഭാവുകങ്ങളും .ഇതിന് നേതൃത്വം കൊടുക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

**വി കെ മുജീബ് റഹ്മാൻ , ഹെഡ് മാസ്റ്റർ**
**( സംസ്ഥാന അധ്യാപക അവാർഡ് ജേതാവ്)**
**സെന്റ് ജോസഫ്സ് എച്ച് എസ് എസ്**
**മതിലകം**



# സന്ദേശം

**********************

ഭാവി പൗരന്മാരായ  വിദ്യാർത്ഥികളെ അവർ ജീവിക്കുന്ന കാലഘട്ടത്തിൽ ഉൽഭവിക്കുന്ന പ്രശ്നങ്ങളെ അക്കാലത്തെ  ഏറ്റവും ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിഹരിക്കുവാൻ പ്രാപ്തമാക്കുന്ന തായിരിക്കണം വിദ്യാഭ്യാസം. ഈ അർത്ഥത്തിൽ  ഈ കോവിഡ് കാലം വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സാമൂഹിക വിദ്യാഭ്യാസം സ്വായത്തമാക്കി കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. പ്രശ്നങ്ങൾക്കിടയിലും സാധ്യതകളെ കണ്ടെത്തുന്ന മനോഭാവമാണ് ഒരു വ്യക്തിയെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്നത്. വിദ്യാർഥികൾക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും വലിയ മനോഭാവവും അതു തന്നെയാണ് . ഈ അർത്ഥത്തിലുള്ള  മാതൃകാ വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്ന അധ്യാപകരാകട്ടെ സാമൂഹിക പരിസരങ്ങളിൽ നിന്ന്  നന്മകൾ കണ്ടെത്തി സ്വായത്തമാക്കാനുള്ള അന്വേഷണ കുതുകികളായ വിദ്യാർത്ഥികളും ആയിരിക്കണം. ഇതെല്ലാം മുന്നിൽ വെച്ചു കൊണ്ടായിരിക്കണം  നാം വിദ്യാലയ അന്തരീക്ഷത്തെ പുരോഗമനാത്മകമാക്കേണ്ടത്.  വിവരസാങ്കേതികവിദ്യക്ക് മേൽക്കൈയുള്ള  ഈ കാലഘട്ടത്തിൽ കോവിഡ് കൂടി വന്നതോടെ അത് ജീവിതത്തിൻറെ അനിവാര്യതയായി. കാലത്തിന് മുന്നേ നടക്കുവാനുള്ള വ്യഗ്രത കാട്ടുന്നവർക്ക് മാത്രമേ കാലത്തിനൊപ്പം നടക്കുവാനെങ്കിലുമുള്ള യോഗ്യത നേടാൻ ആകുന്നുള്ളൂ. ഈ യാഥാർത്ഥ്യങ്ങളോട് താദാത്മ്യം പ്രാപിച്ചു കൊണ്ടാണ് പി. വെമ്പല്ലൂർ ജി എൽ പി എസിലെ പ്രതിഭാധനരായ വിദ്യാർഥികളും അധ്യാപകരും  ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി കൊണ്ടിരിക്കുന്നത്. അക്ഷരമാണ് വെളിച്ചം. അക്ഷരമാണ് ഏറ്റവും മൂർച്ചയുള്ള ആയുധം. ഈ ഡിജിറ്റൽ മാഗസിനിലെ ഓരോ അക്ഷരവും നീതിയുടെ, നന്മയുടെ, സഹിഷ്ണുതയുടെ, ജനാധിപത്യ പൗരബോധത്തിൻറെ, സാമൂഹിക നീതിയുടെ, പിറവിക്കായുള്ള പരിവർത്തനത്തിന്റെ കാഹളം ആകട്ടെ! എന്ന് ആശംസിക്കുന്നു. ഏവർക്കും നന്മ നേരുന്നു.

വികെ മുജീബ് റഹ്മാൻ ഹെഡ്മാസ്റ്റർ
സെൻറ് ജോസഫ്സ് എച്ച്എസ്എസ്
മതിലകം

# സന്ദേശം



വിജ്ഞാനം വിരൽ തുമ്പിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിന്റെ പ്രാധാന്യം ഏറുകയാണ്. കുട്ടികളിൽ വ്യത്യസ്ത കഴിവുകളെ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിന് നമ്മുടെ സ്കൂൾ എന്നും മുന്നിലാണ്.കൊറോണ ലോകം മുഴുവൻ കീഴടക്കുന്ന  ഈ അവസരത്തിൽ ഈ മാഗസിനിലൂടെ കുട്ടികളുടെ സർഗവാസനകളെ കോർത്തിണക്കി ഒരു മാഗസിൻ തയ്യാറാക്കുക എന്നത് വളരെ വലിയ ഒരു കാര്യമാണ്. നമ്മുടെ സ്കൂൾ ഇന്നത്തെ നിലയിലേക്ക് എത്തുന്നതിന് അധ്യാപകരും പിടിഎ പ്രതിനിധികളും പൂർവ വിദ്യാർത്ഥികളും വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. ഈ അവസരത്തിൽ പി ടി  എ പ്രസിഡണ്ട് എന്ന നിലയിൽ വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.ഒരിക്കൽകൂടി ഈ മാഗസിൻ തയ്യാറാക്കുന്നതിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ എല്ലാ വിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

ലേന ഷീബൻ

പിടിഎ പ്രസിഡണ്ട്

ജി എൽ പി എസ് പി വെമ്പല്ലൂർ.

# സന്ദേശം

***************



പാത്രത്തിലെ അരിമണികളിൽ കൈപിടിച്ച് എഴുതിക്കുന്ന ആദ്യാക്ഷരങ്ങൾ .... ആ അക്ഷരങ്ങൾ ഊതിക്കാച്ചി മിനുക്കിയെടുത്ത അറിവായി നൽകിയാൽ ഒരു മനുഷ്യനെ ഉയരങ്ങളിൽ എത്തിക്കുവാൻ സാധിക്കും. അറിവ് ഒരു മനുഷ്യനെ നന്മയിലൂടെ ലോകത്തിന്റെ തന്നെ ഉന്നമനത്തിന് കാരണമാക്കുന്നു. നല്ല എഴുത്തുകാർ ഭൂലോക മാറ്റത്തിന് കാഹളം മുഴക്കിയിട്ടുണ്ട് എന്ന് നമുക്കറിയാം. അതിന് തുടക്കം കുറിച്ചതോ ചെറിയ എഴുത്തുകാർ തന്നെ. അതിന് സ്കൂൾ മാഗസിനുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. എഴുത്തിലും വായനയിലും വളരുവാൻ അവ അവസരമൊരുക്കുന്നു. ചെറിയ പ്രായത്തിലെ എഴുത്തുകൾ വലിയ ലോകത്തേക്കുള്ള ചുവടുവെപ്പാണ്.

മഹാമാരിയുടെ പ്രതിസന്ധിക്കിടയിലും നാം അതിജീവനത്തിന് പുത്തൻ മാതൃകകൾ സൃഷ്ടിക്കുകയാണ്. ഈ ആധുനിക യുഗത്തിൽ എഴുത്തിന്റെ പുത്തൻ രീതികൾ, അതായത് 'e എഴുത്തും' e വായനയും' നമ്മുടെ കുട്ടികളെ പരിചയപ്പെടുത്താൻ' e മാഗസിനിലൂടെ' സാധിക്കും എന്നത് വളരെ വലിയ കാര്യമാണ് എന്നതിൽ ഒരു സംശയവുമില്ല. കുട്ടികളുടെ സർഗ്ഗ പ്രക്രിയകളെ വേണ്ടവിധത്തിൽ തേച്ചുമിനുക്കുക എന്നത് രക്ഷിതാക്കളുടെയും അധ്യാപകരുടെയും കടമയാണ്. അതിനായി പരിശ്രമിക്കുന്ന എന്റെ എല്ലാ സഹപ്രവർത്തകർക്കും എന്റെ കുഞ്ഞുങ്ങൾക്കും രക്ഷിതാക്കൾക്കും എന്റെ നന്ദിഅറിയിക്കട്ടെ. ഈ പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാൻ എല്ലാവരും പ്രാപ്തിയുള്ളവരാവട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തട്ടെ .

കെ ജെ ഓമന

ഹെഡ്മിസ്ട്രസ്

ജി എൽ പി എസ് പി വെമ്പല്ലൂർ



# വിദ്യാലയ ചരിത്രം

1915 ൽ കുളിമുട്ടം എന്ന സ്ഥലത്ത് ഇന്നത്തെ കെ എം എൽ പി സ്കൂളിന്റെ അടുത്തുള്ള വാട്ടർ ടാങ്കിന്റെ സമീപത്തായി മലബാർ ഡിസ്ട്രിക്ട്ബോർഡ് ഒരു എലിമെന്ററി ബോർഡ് സ്കൂൾ ആരംഭിച്ചിരുന്നു. ഒരു ഓലമേഞ്ഞ ഷെഡ്ഡിൽ ആയിരുന്നു അത്. 1922-1923 കാലയളവിൽ സ്കൂളിൻറെ കിഴക്കുഭാഗത്ത് താമസിച്ചിരുന്ന ഒരു കുട്ടി സന്ധ്യാനേരത്ത് ചവറിന് തീയിട്ടപ്പോൾ തീക്കൊള്ളി വലിച്ചെറിഞ്ഞത് മൂലം ഷെഡ് കത്തിനശിച്ചു. ഇതിനെത്തുടർന്നാണ് ഡിസ്ട്രിക്ട് ബോർഡ് സ്കൂൾ പി വെമ്പല്ലൂരിലേക്ക്മാറ്റിയത്. 30. 1. 1923 ൽ പടിഞ്ഞാറെ വെമ്പല്ലൂരിലെ വാഴൂർ ക്ഷേത്രപരിസരത്തുള്ള കേശവൻ വൈദ്യരുടെ ഓലമേഞ്ഞ കൽഭിത്തിയോടുകൂടിയ ഒരു വലിയ ഹാൾ ആയിരുന്നു വിദ്യാലയം. 1931 ൽ ഈ വിദ്യാലയത്തിൽ നാല് അധ്യാപകരും ഒരു അധ്യാപികയും ഉണ്ടായിരുന്നു . ഒന്നു മുതൽ നാലു വരെ ക്ലാസ്സുകൾ ആണ് ഉണ്ടായിരുന്നത്. അധ്യാപകർ ഒഴിവുസമയങ്ങളിൽ ചിത്രരചന, തുന്നൽ എന്നിവ പഠിപ്പിക്കുമായിരുന്നു. 1923-1944 കാലയളവിൽ ബോർഡ് എലിമെന്ററി സ്കൂൾ അറിയപ്പെടാൻ തുടങ്ങി. സ്കൂളിനോട് അനുബന്ധിച്ച് ഒരു ചെറിയ ഓലഷെഡ്ഡിൽ കിന്റർഗാർട്ടൻ ആരംഭിച്ചിരുന്നു. വൈകുന്നേരം 3 മണി ആകുമ്പോൾ പതിവായി അവിടെ പാട്ടും കഥകളും പഠിപ്പിച്ചിരുന്നു. 1966 ൽ നാട്ടുകാരെല്ലാവരും കൂടി ചേർന്ന് പിരിവെടുത്ത 500 രൂപ കൊടുത്ത് വാഴൂർ ശങ്കുണ്ണി എന്ന വ്യക്തിയിൽനിന്ന് 50 സെൻറ് ഭൂമി വാഴൂർ അമ്പലത്തിന് വടക്കുഭാഗത്ത് വാങ്ങി. പിരിവിന് നേതൃത്വം നൽകിയവരിൽ പ്രധാനികളാണ് ശ്രീ വാഴൂർ കണ്ണപ്പൻ എന്നദ്ദേഹവും പരേതനായ ശ്രീ ബാഹുലേയൻ മാസ്റ്ററും. പിരിവെടുത്ത് വാങ്ങിയ സ്ഥലത്ത് ഗവൺമെന്റിൽ നിന്നനുവദിച്ച ധനസഹായം ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം പണിതു. ഗവൺമെൻറ്. എൽ പി സ്കൂൾ പി വെമ്പല്ലൂർ എന്ന പേരിൽ പുതിയ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.



ശ്രീ രാമവർമ്മ തിരുമുൽപാട് ഏറെക്കാലം ഈ വിദ്യാലയത്തിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൃഷ്ണൻ മാസ്റ്റർ, ജോസഫ് മാസ്റ്റർ, ഉണ്ണിവർമത്ത് നാരായണൻ മാസ്റ്റർ, കണ്ണോത്ത് രാമൻനായർ തുടങ്ങിയവർ ആദ്യകാല അധ്യാപകരായിരുന്നു. ജാതിമതഭേദമന്യേ എല്ലാവർക്കും സ്കൂളിൽ പ്രവേശനം നൽകിയിരുന്നു.

1923 ൽ കണ്ടെത്തിയ അഡ്മിഷൻ രജിസ്റ്റർ പ്രകാരം പാലക്കാപറമ്പിൽ കുമാരൻ, മുതിരക്കൽ ഭാസ്കരൻ, പുല്ലാനി ഭാർഗവി, തറയിൽ കൊച്ചുരാമൻ, പത്താഴക്കാട് ശങ്കരു എന്നിവർ ആദ്യകാല വിദ്യാർഥികളാണ്. ശ്രീ എം ആർ ത്രിമൂർത്തി മാസ്റ്റർ സർ, മുൻ പഞ്ചായത്ത് മെമ്പർ ശ്രീ രാമൻ കുട്ടി, ശ്രീ വി ആർ ശ്രീനിവാസൻ , നാരായണൻ മാസ്റ്റർ ,

ശങ്കുട്ടിമാസ്റ്റർ തുടങ്ങിയവർ ഈ വിദ്യാലയത്തിൽ പഠിച്ച് ഉന്നത സ്ഥാനങ്ങളിൽ എത്തിയവരാണ്. ശ്രീ പി ഡി ജോസഫ്, ശ്രീ അച്യുതമേനോൻ, ശ്രീ വർക്കി മാസ്റ്റർ, ശ്രീ വി സി റോസടീച്ചർ തുടങ്ങിയവർ മുൻകാല അധ്യാപകരിൽ ചിലരാണ്.

ശ്രീമതി കെ ജെ ഓമന ടീച്ചർ ഒരു ദശാബ്ദത്തിൽ അധികമായി ഇവിടെ പ്രധാന അധ്യാപികയായി സേവനം അനുഷ്ഠിച്ചുവരുന്നു. ശ്രീമതി സൈജ കരീം, ശ്രീമതി ബിജു പി എൻ, ശ്രീമതി ഹസീന എം എം, എന്നിവർ പ്രൈമറി വിഭാഗം അധ്യാപകരാണ് . ഇതുകൂടാതെ പ്രീപ്രൈമറി വിഭാഗത്തിൽ ശ്രീമതി സനിത ,ശ്രീമതി ഷിൻജു എന്നിവർ സേവനമനുഷ്ഠിക്കുന്നു. ശ്രീമതി ശോഭന ഇവിടെ പി ടി സി എം ആയി ജോലിയനുഷ്ഠിച്ച് പോരുന്നു. എല്ലാ അധ്യാപകരും ഐടി മേഖലയിൽ മികവുള്ളവരാണ്. നിലവിൽ ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂം ആയി ഉപയോഗിക്കുന്നു. എല്ലാ അധ്യാപകരും സ്കൂളിൽ ലഭിച്ചിട്ടുള്ള ലാപടോപ്പും പ്രൊജക്ടറും സ്ക്രീനും ഉപയോഗിച്ച് ആധുനിക രീതിയിൽ വിദ്യാഭ്യാസം നൽകി വരുന്നു.

എസ് എൻ പുരം ഗ്രാമപഞ്ചായത്തിലെ ധനസഹായവും പിടിഎയുടെ പ്രവർത്തനങ്ങളും  എം എൽ എ ,എം പി ഫണ്ടിൽ നിന്നും നൽകിയ ഐടി ഉപകരണങ്ങളും കൂടിച്ചേർന്നാണ് വിദ്യാലയത്തിന് ഇന്ന് കാണുന്ന പല സൗകര്യങ്ങളും ലഭിച്ചത്. ഓരോ ക്ലാസ് റൂമിലും ക്ലാസ് ലൈബ്രറിയും മറ്റു  ഭൗതിക സാഹചര്യങ്ങളും ഈ വിദ്യാലയത്തിനുണ്ട്.





# G.L.P.S.P.VEMBALLUR

**HEAD MISTRESS**



**Ms. Omana.K J**

**PRIMARY SECTION TEACHERS**



**Ms. Saija Kareem**



**Ms. Biju P N**



**Ms. Haseena M M**

<u>**PRE PRIMARY SECTION TEACHERS**</u>



**Ms.  Sanitha P K**



**Ms.Shinju K U**

<u>**PTCM STAFF**</u>



**Ms.  Sobhana**

# EDITORIAL BOARD

## CHIEF EDITOR



**Ms. Omana K J**

## STAFF EDITORS



**Ms. Saija Kareem**



**Ms. Haseena M M**

## STUDENT EDITORS



**Anudhra C A**



**Archana K S**



**Yadhav Krishna**



**Anuusree A S**

# SCHOOL EVENTS



CHILDREN'S DAY



ANNUAL DAY CELEBRATION





**WATCHING SOLAR ECLIPSE**




**INTERVIEW WITH AN ARTIST**

**FIELD TRIP**









**VACATION SILPASALA**

**YOGA PRACTICE**





LIBRARY VISIT

# പഠനോത്സവം







## പഠനയാത്ര




# Maths lab




ശ്രദ്ധ ക്ലാസ്സ്





# കുഞ്ഞുങ്ങളെ രക്ഷിച്ച മരംകൊത്തി

ഒരു കാട്ടിൽ ഒരു അച്ഛൻ കിളിയും അമ്മക്കിളിയും താമസിച്ചിരുന്നു. കുറെ നാളുകൾക്കു ശേഷം അമ്മക്കിളി മുട്ടയിട്ടു. അവർ സന്തോഷത്തോടെ മുട്ടകൾ വിരിയുന്നതിനായി കാത്തിരുന്നു . അങ്ങനെ ഒരു ദിവസം മുട്ടകളെല്ലാംവിരിഞ്ഞു. അമ്മക്കിളിക്കും അച്ഛൻ കിളിക്കും സന്തോഷമായി.



പതിവുപോലെ ഒരു ദിവസം അച്ഛൻകിളി തീറ്റ തേടി പോയി. ഏറെ വൈകിയിട്ടും അച്ഛൻകിളിയെ കാണാതായപ്പോൾ അമ്മക്കിളി അന്വേഷിച്ചു പോയി. അമ്മക്കിളി പോയ തക്കം നോക്കി ഒരു ദുഷ്ടൻ പാമ്പ് കിളി- ക്കുഞ്ഞുങ്ങളെ പിടിക്കാൻ വന്നു . പാമ്പിനെ കണ്ടു പേടിച്ചു കിളിക്കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി. അവരുടെ കരച്ചിൽ കേട്ട് ആ മരത്തിൽ താമസിക്കുന്ന മരംകൊത്തി അവരുടെ സഹായത്തിനെത്തി. മരംകൊത്തി പാമ്പിനെ കൊത്തിയോടിച്ചു. ഇത് കണ്ടു കൊണ്ടുവന്ന അച്ഛൻ കിളിക്കും അമ്മക്കിളിക്കും സന്തോഷമായി. അവർ മരംകൊത്തിക്ക്  നന്ദി പറഞ്ഞു.



***അർച്ചന .വി എസ്.***

# കുരുന്നു കവിതകൾ

## എന്റെ മിട്ടുപ്പൂച്ച

ഭംഗിയുള്ള പൂച്ച

മിനുമിനുത്ത രോമം

മീശയുള്ള പൂച്ച

പാൽ കുടിക്കും പൂച്ച

എലിയെ പിടിക്കും പൂച്ച

എന്റെ മിട്ടുപ്പൂച്ച

എന്റെ കുഞ്ഞു പൂച്ച

*******************

## കിങ്ങിണി പൂമ്പാറ്റ

ഏഴഴകുള്ള പൂമ്പാറ്റ

പുള്ളികളുള്ള പൂമ്പാറ്റ

വർണ്ണച്ചിറകുള്ള പൂമ്പാറ്റ

പൂന്തേനുണ്ണും പൂമ്പാറ്റ

*********************



**ദേവ്ന ദിലീപ് (std 1)**

## കറുത്ത വരകളും വെളുത്ത വരകളും

എന്റെ ക്ലാസ്സിൽ കറുത്ത ഒരു ബോർഡുണ്ട്. ടീച്ചർ അതിൽ വെള്ള ചോക്ക് കൊണ്ട് അക്ഷരങ്ങൾ എഴുതും. ചിത്രങ്ങൾ വരക്കും. എന്തു ഭംഗിയാണെന്നോ കറുത്ത ബോർഡിലെ വെളുത്ത വരകൾക്ക്.പിന്നീട് ടീച്ചർ ക്ലാസ്സിൽ വെളുത്ത ഒരു ബോർഡ് വെച്ചു.ആ ബോർഡിൽ ടീച്ചർ കറുത്ത മാർക്കർ കൊണ്ട് എഴുതുകയും വരക്കുകയും ചെയ്തു. അങ്ങനെ കറുത്തവരകളും വെളുത്ത വരകളും കൂട്ടുകാരായി.



ആർച്ച (std 2)





SANGEETH K P

CHILDREN’S DAY DIARY

Date : November14

I got up at 7AM.Then the
Morning habits were done. I wore
a white dress with a red rose in my
Left pocket. I sang a Chachaji song
and my mother took the video ,for
sending to my class teacher. And I’m
happy that my teacher liked my video.
And one thing is remaining, that
makes me unhappy ,that is, I can’t
see my friends due to corona.
Any way we gathered together
through google meet.

4



Anudhra .C.A (std: 4)

# ക്കൂട്ടുകാരിക്കൊരു കത്ത്

12/11/2020

പ്രിയപ്പെട്ട അജിതയ്ക്ക്,

നിനക്കും കുടുംബത്തിനും സുഖമാണെന്ന് വിശ്വസിക്കുന്നു.കഴിഞ്ഞ ദിവസമാണ് നിന്റെ പിറന്നാളിനെ കുറിച്ച് ഓർത്തത്.അപ്പോൾ നിനക്കൊരു കത്തെഴുതണമെന്ന് തോന്നി.ഈ വർഷത്തെ പിറന്നാളിന് കാണാൻ സാധിക്കില്ലല്ലോ! നിനക്ക് ഒരായിരം പിറന്നാളാശംസകൾ നേരുന്നു.ഒപ്പം എല്ലാവിധ പ്രാർത്ഥനകളും. ഇനിയും ഇതുപോലെ സന്തോഷത്തോടെയും ആരോഗ്യത്തോടെയും ഒരുപാട് പിറന്നാളുകൾ ആഘോഷിക്കാൻ കഴിയട്ടെ. എത്രയും പെട്ടെന്ന് സ്കൂൾ തുറന്നാൽ മതിയായിരുന്നു.കൂട്ടുകാരെയൊക്കെ കാണാൻ കൊതിയാവുന്നു.എന്തു രസമായിരുന്നു ആ ദിവസങ്ങൾ അല്ലേ? ഇപ്പോൾ എല്ലാവരും വീട്ടുകളിൽ ഇരുന്ന് പഠിക്കേണ്ടി വരുന്നതിൽ വിഷമമുണ്ട്.കൊറോണ കാലം മാറി വേഗം സ്കൂൾ തുറക്കാൻ നമുക്ക് പ്രാർത്ഥിക്കാം.അടുത്ത വർഷം നിന്റെ പിറന്നാൾ നമുക്കെല്ലാവർക്കും കൂടി ക്ളാസ്സിൽ വെച്ച് ആഘോഷിക്കാം.

എന്ന് സ്നേഹപൂർവ്വം,

അനന്തകൃഷ്ണ



# ***Parrot***




Parrot is a beautiful bird
Parrot is green in colour
It’s beak is red in colour
It has two legs
It has beautiful green feathers
Parrot can speak
I like Parrot very much



**ABHINAV P M ( std 2)**

# കൊറോണ എന്ന ഭീകരൻ



കൊറോണ എന്ന ഭീകരൻ
പാന്റും കോട്ടും അണിഞ്ഞിട്ട്
ഒത്തിരി ഗമയിൽ  വിമാനത്തിൽ
വന്നിറങ്ങി കൂട്ടരേ വന്നിറങ്ങി കൂട്ടരേ
മൂക്കിൽ വിരലൊന്നു വെച്ചിട്ട്
ശേഷം ഒരുവന് ഷേക്ക് ഹാൻഡ്  നൽകിയിട്ട്.
ഗുഡ്ബൈ പറഞ്ഞു പിന്നീട്  വേറെ വഴിക്ക് തിരിഞ്ഞല്ലോ

വേറെ വഴിക്ക് തിരിഞ്ഞപ്പോൾ
ലോകം നിറഞ്ഞുകവിഞ്ഞല്ലോ



ജഡങ്ങൾ അങ്ങിനെ കുമിഞ്ഞുകൂടി
കഴുകൻ പോലും പേടിച്ചോട
ഉറ്റ വരില്ല ഉടയവരില്ല
ചങ്ങാതികളോ കൂട്ടിനില്ല
നിറയും കണ്ണീരൊപ്പാനായ്
കൂടെയിരിക്കാൻ ആരുമില്ല

ഭയമ വേണ്ട ജാഗ്രത മതി എന്ന് പറഞ്ഞു സർക്കാറു
എന്നിട്ടെന്തേ കുമിഞ്ഞുകൂടി
നാളുകൾ തോറും കൊറോണ
ആറടിമണ്ണിൽ ഒതുങ്ങിയ മനുജൻ
ഇന്ന് പത്തടി മണ്ണിൽ ഒതുങ്ങുന്നു
അലമുറയില്ല  കണ്ണീരില്ല
എങ്ങും ഭീതിപ്പെടുത്തുന്ന രംഗങ്ങൾ

ഇരു കൈക്കൂപ്പി കേഴുന്നേ
ഇരു കൈ ഉയർത്തി കേണിടുന്നെ
മുട്ടുമടക്കി  കേണി ടുന്നെ
ദൈവത്തോടായി കേണിടുന്നേ
കൊറോണയില്ലാ പുതുലോകം
ഞങ്ങൾക്കേകിടുമല്ലോ നീ

***ഗുരുചരൺ (std 1)***

**MOBILE PHONE CONVERSATION BETWEEN TWO FRIENDS DURING "QUARATINE"**

* ------------------------------------------------------*

AJMAL : HAI SANGEETH

SANGEETH : HAI AJMAL

AJMAL : HOW ARE YOU?

SANGEETH : I AM FINE

AJMAL : WHAT DO YOU DOING IN HOME?

SANGEETH : NOTHING,I AM GETTING BORED

AJMAL : WE ARE FACING A LOT OF FINANCIAL PROBLEMS,AND WHAT ABOU YOU?ALL ARE GOOD?

SANGEETH : I CANT PLAY WITH FRIENDS, I CANT SEE THEM,I AM REALLY SAD!!

AJMAL : ME TOO, I CANT HANDLE THIS SITUATION.I WANT TO COME BACK OUR OLD GOOD DAYS.

SANGEETH : HOPE FOR THE BEST DEAR

AJMAL : OK DEAR,BYE

SANGEETH : BYE



MUHAMMED AJMAL(std 4)

# നാടകം

## അമ്മിണിക്ക് കുഞ്ഞുണ്ടായി

( ഒരു കുട്ടുകുടുംബം)

കഥാപാത്രങ്ങൾ

--------------------------

അച്ഛമ്മ

രാജീവൻ

രേഷ്മ

മാളു

ജോസേട്ടൻ

## രംഗം-1 ( വീട്)

----------------------

( നേരം പരപരാ വെളുത്തു. കോഴി കൂവി. സമയം നാലുമണി. അച്ഛമ്മ ഉണർന്നു. പശുവിനെ കുളിപ്പിച്ച് തൊഴുത്ത് വൃത്തിയാക്കി പാൽ കറന്നു.)

അച്ഛമ്മ : രാജീവാ, ഇന്ന്അമ്മിണിക്കുട്ടിയുടെ പാൽകുറവായിരുന്നു. മണിക്കുട്ടി പാൽകുടിച്ചെന്ന് തോന്നുന്നു.

രാജീവൻ : അമ്മേ, ചൂടുകാലം അല്ലേ,അത് കൊണ്ടാണെന്ന്തോന്നുന്നു.ഇനിമണിക്കുട്ടിയെകൊണ്ട് പാൽകുടിപ്പിക്കേണ്ട.

അച്ഛമ്മ : മിൽമയിൽ പോകുന്ന വഴിയിൽ ജോസ് ചേട്ടന്റെ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ചോ.

രാജീവൻ : ശരി ലിസ്റ്റ് തായോ

അച്ഛമ്മ : രേഷ്മേ, ലിസ്റ്റ് എഴുതിക്കഴിഞ്ഞോ.

രേഷ്മ : ഇപ്പോൾ കഴിയും.

രാജീവൻ : ലിസ്റ്റ് വേഗം എഴുതു.

രേഷ്മ : ആ, എഴുതി കഴിഞ്ഞു. ഇതാ

## രംഗം-2 ( ജോസേട്ടന്റെ കട )

--------------------------------------------

രാജീവൻ : ജോസേട്ടാ, ലിസ്റ്റിലുള്ള സാധനങ്ങൾ എടുത്തുവെക്കു. ഞാൻ മിൽമയിൽ പോയിട്ട് വരാം.

ജോസേട്ടൻ : ആ, എടുത്തു വെക്കാം. നീ മിൽമയിലേക്ക് പോയിട്ട് വായോ.

( കുറച്ചുസമയം കഴിഞ്ഞ് രാജീവൻ തിരിച്ചുവരുന്നു.)

രാജീവൻ : ജോസേട്ടാ, സാധനങ്ങൾ എടുത്തു വെച്ചോ.

ജോസേട്ടൻ : ആ, എടുത്തു വെച്ചിട്ടുണ്ട്.ഇതാ ബില്ല് ,350 രൂപയായി.

രാജീവൻ : ജോസേട്ടന്റെ കൈയിൽ ചില്ലറ ഉണ്ടോ. എന്റെ കൈയിൽ ചില്ലറ ഇല്ല.

ജോസേട്ടൻ : ആ, ചില്ലറ ഉണ്ട്.

രാജീവൻ : ഇതാ,500 രൂപ.

ജോസേട്ടൻ : ഇതാ, ബാക്കി 150 രൂപ.

രാജീവൻ :ശരി.ഞാൻപോകട്ടെ

## രംഗം -3( വീണ്ടും വീട് )

-------- --------------------------------

രാജീവൻ : രേഷ്മേ, പിള്ളേര് എഴുന്നേറ്റോ?

രേഷ്മ : മാളു എഴുന്നേറ്റു.മുത്തുവും, കുഞ്ഞനുംഎഴുന്നേറ്റിട്ടില്ല.

രാജീവൻ : അവൾ ചായ കുടിച്ചോ?

രേഷ്മ : ആ, ചായ കുടിച്ചു.

രാജീവൻ : മാളൂ ,നീപഠിക്കുന്നില്ലേ.

മാളു : ഇന്നലത്തെ ഓൺലൈൻ ക്ലാസ്സിലെ നോട്ട് അയച്ചു കൊടുക്കണം. അതുപഠിക്കണം.

രാജീവൻ : എന്നാൽ അയച്ചു കൊടുക്ക്. എന്നിട്ട് പോയി പഠിക്കു

മാളു : ശരി, അച്ഛാ

അച്ഛമ്മ : മാളൂ, നീ അച്ഛനെ കണ്ടോ?

മാളു : ആ, അച്ഛൻ റോട്ടിൽ ഉണ്ട്.

അച്ഛമ്മ : രാജീവാ, രാജീവാ, എടാ, കറുമ്പി പശുവിന് തീരെ വയ്യ.

രാജീവൻ : അയ്യോ, എന്നാൽ ഞാൻ ഡോക്ടറെ വിളിക്കാം.

അച്ഛമ്മ : അയ്യോ അത് വേണ്ട . പടിഞ്ഞാറേലെ ഉണ്ണിച്ചേട്ടനെ വിളിച്ചാൽ മതി.

രാജീവൻ : ശരി അമ്മേ.

(കുറച്ച് സമയം കഴിഞ്ഞപ്പോൾ പശുത്തൊഴുത്തിൽ )

അച്ഛമ്മ : രാജീവാ, രാജീവാ.

രാജീവൻ :എന്താ  അമ്മേ.

അച്ഛമ്മ  : പശു പ്രസവിച്ചു.പെൺകുട്ടി.

രാജീവൻ  : പശു പ്രസവിച്ചോ?മാളൂ....... മുത്തു...,കുഞ്ഞാ.... രേഷ്മേ.......

രേഷ്മ : എന്താ ചേട്ടാ, പശു പ്രസവിച്ചോ?

പശുക്കുട്ടിയുടെ കരച്ചിൽ കേൾക്കുന്നു.

**( എല്ലാവർക്കും സന്തോഷമായി.)**



***ഹരിസ്മൃതി (std 3)***